# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3793 — 17.12.2015 ന് മറുപടിയ്ക്ക്.

## നാട്ടാനകളുടെ പരിപാലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര നാട്ടാനകളെ പരിപാലിക്കുന്നുണ്ട്; ഇവയെല്ലാം രജിസ്ട്രേഷൻ ബാധകമാണോ; എങ്കിൽ സംസ്ഥാനത്തെ എല്ലാ നാട്ടാനകളെ സംബന്ധിച്ച വിവരവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ: ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ; | (എ) സംസ്ഥാനത്ത് നിലവിലുള്ള റിക്കാർഡുകൾ പ്രകാരം 599 നാട്ടാനകൾ ഉണ്ട്. ഇവയെല്ലാം രജിസ്ട്രേഷൻ ബാധകമാണ്. ആകെ രജിസ്ട്രേഷൻ നടത്തുന്നതിനായി 599 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 499 ആനകളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ആനകളുടെ രേഖകൾ പരിശോധിച്ച് രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇവയുടെ കണക്കെടുപ്പും രജിസ്ട്രേഷനും ഏത് രീതിയിലാണ് നടത്തുന്നത്; | (ബി) നാട്ടാനകളെ രജിസ്റ്റർ ചെയ്യുന്നതിനായുള്ള അപേക്ഷയുടെ മാതൃക എല്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയച്ചുകൊടുക്കുകയും ആയത് ആന ഉടമകൾ പൂരിപ്പിച്ച് അതാത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാർക്ക് സമർപ്പിച്ച് ആയത് ജില്ലാ കമ്മിറ്റി പരിശോധിച്ചാണ് രജിസ്ട്രേഷൻ നടത്തുന്നത്. |
| (സി) നാട്ടാനകളെ പീഡിപ്പിക്കുകയും ശരിയായ രീതിയിൽ പരിപാലിക്കുകയും ചെയ്യാത്ത ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (സി) നാട്ടാനകളെ പീഡിപ്പിക്കുകയും ശരിയായ രീതിയിൽ പരിപാലിക്കുകയും ചെയ്യാത്ത ഉടമകൾക്കെതിരെ 2012-ലെ നാട്ടാന പരിപാലന ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) മദപ്പാടുള്ള നാട്ടാനകളെ ഘോഷയാത്രകളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കുന്നത് മൂലം അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡി) മദപ്പാടുള്ള നാട്ടാനകളെ ഘോഷയാത്രകളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കുന്നത് 2012-ലെ നാട്ടാന പരിപാലന ചട്ടപ്രകാരം നിരോധിച്ചിട്ടുണ്ട്. |
| (ഇ) നാട്ടാനകൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ഉണ്ടാകുന്നതിനാൽ ഇവയുടെ പരിപാലനത്തെ സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.